**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.687** **29.10.2019-ൽ മറുപടിക്ക്**

**കൊയിലാണ്ടിയിൽ പുതിയ സബ്സ്റ്റേഷൻ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കൊയിലാണ്ടി നഗരപ്രാന്ത പ്രദേശത്ത് പുതിയ സബ്സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കെ. എസ്. ഇ. ബി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (എ) | കൊയിലാണ്ടിയിൽ നഗരപ്രാന്ത പ്രദേശത്ത് പുതിയ സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനു വേണ്ടി ജലസേചനവകുപ്പിന്റെ കൈവശമുള്ള 1.08 ഏക്കർ (0.4378 ഹെക്ടർ) ഭൂമി കൊയിലാണ്ടി താലൂക്കിലെ പന്തലായനി വില്ലേജിൽ പന്തലായനി ദേശത്ത് റീസർവ്വേ നമ്പർ 39/IB യിലുള്ള ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതിന് ഇറിഗേഷൻ വകുപ്പിന് അപേക്ഷ നൽകുകയും ആയത് ചീഫ് എഞ്ചിനീയർ പ്രൊജക്ട് – I. കോഴിക്കോട് (ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്) പരിശോധിച്ച് വരുകയുമാണ്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ അടിയന്തരമായി സ്ഥാപിക്കേണ്ടതിനാൽ ഇക്കാര്യത്തിലേക്കായി കെ .എസ് .ഇ ബി. കണ്ടെത്തിയ സ്വകാര്യവ്യക്തി കളുടെ ഭൂമി കൂടി ഇതിനായി പരിഗണിക്കുമോ; വിശദമാക്കാമോ; | (ബി) | ഇറിഗേഷൻ ഭൂമി ലഭിക്കുന്നതിന് പ്രായോഗിക തടസ്സങ്ങൾ ഉണ്ടായാൽ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതടക്കമുള്ള മറ്റ് സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം കെ.എസ്.ഇ.ബി.യുടെ അടിയന്തര പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ മറ്റു നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ